"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഗതാഗത വകുപ്പ്- കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ്- (KMRL)- ജീവനകാര്യം- ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിലെ സി.എൻ.ഇ. വിഭാഗം ഇൻഫർമേഷൻ ഓഫീസറായ ശ്രീ. കെ. കെ. ജയകുമാറിനെ കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിൽ (KMRL) പബ്ലിക് റിലേഷൻസ് ഓഫീസറായി ഒരു വർഷത്തേക്ക് അന്യത്രസേവന വ്യവസ്ഥയിൽ നിയമിക്കുന്നത് - സംബന്ധിച്ച്.

---

**ഗതാഗത (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.464/2024/TRANS തീയതി,തിരുവനന്തപുരം, 24-11-2024

---

പരാമർശം:-

1. കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ്, മാനേജിംഗ് ഡയറക്ടറുടെ 01.10.2024-ലെ KMRL/HR/DEP/2024 നമ്പർ കത്ത്.
2. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (എ) വകുപ്പിന്റെ 13.11.2024-ലെ എ1/137/2024-IandPRD നമ്പർ അനൗദ്യോഗിക കുറിപ്പ്.

**ഉത്തരവ്**

കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിൽ (KMRL) പബ്ലിക് റിലേഷൻസ് ഓഫീസറായി അന്യത്ര സേവന വ്യവസ്ഥയിൽ ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിലെ സീനിയർ ഉദ്യോഗസ്ഥനെ നിയമിക്കണമെന്ന കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ്, മാനേജിംഗ് ഡയറക്ടറുടെ പരാമർശം (1) കത്തിലെ ആവശ്യം പരിഗണിച്ച് പ്രസ്തുത വകുപ്പിലെ സി.എൻ.ഇ. വിഭാഗം ഇൻഫർമേഷൻ ഓഫീസറായ ശ്രീ. കെ. കെ. ജയകുമാറിനെ കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിൽ (KMRL) പബ്ലിക് റിലേഷൻസ് ഓഫീസറായി അന്യത്ര സേവന വ്യവസ്ഥയിൽ നിയമിക്കുന്നതിന് എതിർപ്പില്ലെന്ന് ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് പരാമർശം (2) പ്രകാരം അറിയിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിലെ സി.എൻ.ഇ. വിഭാഗം ഇൻഫർമേഷൻ ഓഫീസറായ ശ്രീ. കെ. കെ. ജയകുമാറിനെ കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിൽ (KMRL) പബ്ലിക് റിലേഷൻസ് ഓഫീസറായി ഒരു വർഷത്തേക്ക് അന്യത്ര സേവന വ്യവസ്ഥയിൽ നിയമനം നൽകി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജു പ്രഭാകർ
സെക്രട്ടറി

പകർപ്പ് :-

ശ്രീ.കെ.കെ.ജയകുമാർ, സി.എൻ.ഇ. വിഭാഗം ഇൻഫർമേഷൻ ഓഫീസർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്,
മാനേജിംഗ് ഡയറക്ടർ, കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ്, എറണാകുളം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (എ) വകുപ്പ് (എ1/137/2024-IandPRD)
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ഓഡിറ്റ്) കേരളം തിരുവനന്തപുരം.
ബന്ധപ്പെട്ട ട്രഷറി ഓഫീസ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Susilkumary S
സെക്ഷൻ ഓഫീസർ
Date: 26-11-2024 12:04:53